ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി3/3571/റ്റിസി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 26.06.2013

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — മഹീന്ദ്ര ബൊലീറോ, മഹീന്ദ്ര ജനിയോ ചരക്ക് വാഹനങ്ങൾ നോൺ ട്രാൻസ്പോർട്ട് വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത് നൽകിയത് — നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന :- 1. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിവിധ കേസ്സുകളിലെ ഉത്തരവുകൾ
2. ഈ ഓഫീസിൽ നിന്നുള്ള 23.09.2011-ലെയും 03.01.2012-ലെയും മേൽപടി നമ്പർ ഈ-മെയിൽ സന്ദേശങ്ങൾ.

മേൽ സൂചനകളിലേയ്ക്ക് താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നൂറിൽപരം മഹീന്ദ്ര ബൊലീറോ, മഹീന്ദ്ര ജനിയോ ചരക്ക് വാഹനങ്ങൾ (Goods Vehicle) നോൺ ട്രാൻസ്പോർട്ട് വിഭാഗത്തിൽ (മോട്ടോർ കാർ) ആക്കി രജിസ്റ്റർ ചെയ്ത് വരുന്നുണ്ട്. അപേക്ഷകർ അവരുടെ സ്വന്തം ആവശ്യത്തിനായി മാത്രം ഉപയോഗിക്കുന്നത് കൊണ്ടാണ് ഇത്തരം വാഹനങ്ങളെ മേൽ പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിട്ടുള്ളത്. എന്നാൽ വാഹന ഉടമകൾ ഈ വാഹനങ്ങളെ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കാതെ ചരക്കുകൾ (Goods) കയറ്റിക്കൊണ്ട് പോകുകയാണെങ്കിലോ വാടകയ്ക്ക് മറ്റ് യാത്രക്കാരെ കയറ്റികൊണ്ടുപോകുകയാണെങ്കിലോ അവയെ ട്രാൻസ്പോർട്ട് വാഹനങ്ങളാക്കി മാറ്റണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകളിൽ പറയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും വാഹനം നോൺ ട്രാൻസ്പോർട്ട് വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത വാഹനത്തിന്റെ ആർ.സി, ബുക്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് 'Printable Remarks'-ൽ ടൈപ്പ് ചെയ്ത് ചേർക്കണം. ടി വാഹനം പേര് മാറ്റുന്നതിന് അപേക്ഷിക്കുകയാണെങ്കിൽ അതിനെ ട്രാൻസ്പോർട്ട് വിഭാഗത്തിൽ ഉൾപ്പെടുത്തി പേര് മാറ്റികൊടുക്കേണ്ടതാണ്.

ഭരണഭാഷ — മാതൃഭാഷ

2. ഇത്തരം വാഹനങ്ങളുടെ സർവ്വീസ് ഇടയ്ക്കിടയ്ക്ക് പരിശോധിക്കേണ്ടതും വാഹനം 'Goods Vehicle'ആയി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ 'Goods Vehicle'ആയി alteration നടത്തേണ്ടതാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ എത്ര വാഹനങ്ങൾ നോൺ ട്രാൻസ്പോർട്ട് വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര വാഹനങ്ങളുടെ സർവ്വീസ് പിന്നീട് പരിശോധിച്ചിട്ടുണ്ടെന്നും ഇവയിൽ എത്ര വാഹനങ്ങൾ Goods vehicle ആയി .alteration നടത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുവാൻ സൂചന രണ്ട് പ്രകാരം താങ്കളോട് ആവശ്യപ്പെട്ടിട്ടും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത റിപ്പോർട്ട് മടക്ക തപാലിൽ താഴെ കാണുന്ന ഫോർമാറ്റിൽ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കേണ്ടതിനാൽ ഏതെങ്കിലും ഓഫീസിൽ നിന്നും WP(C)നമ്പരും വാഹന നമ്പരും ലഭിച്ചിട്ടില്ലായെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കായിരിക്കും എന്ന് അറിയിക്കുന്നു.

| Sl.No. | WP(C) No. | Name of Petitioner | Reg.No.of Vehicle | Whether the details of judgment has been entered in the RC | Whether the SV of the vehicle has been verified after registration | Whether the vehicle has been altered as G/V after verification |
|---|---|---|---|---|---|---|
| | | | | | | |

വിശ്വസ്തതയോടെ,

ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

26/6 26/6/13

ചക്കർപ്പ് - കോപ്പി DTC മാർക്കും അതിനുവേണ്ടി.

മോട്ടോർ വാഹന വകുപ്പ്, കേരളം